## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ: *297

13.03.2018-ൽ മറുപടി പറയേണ്ടത്

### രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.ജോർജ് എം. തോമസ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധനവിനും ശാക്തീകരണത്തിനുമായി രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ നടപ്പിലാക്കി വരുന്നുണ്ടോ; | (എ) & (ബി) | രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. അധികാരവികേന്ദ്രീകരണം നടപ്പിലാക്കുക, ജനപങ്കാളിത്തം വർദ്ധിപ്പിച്ച് ഗ്രാമസഭകളെ ശക്തിപ്പെടുത്തുക, ത്രിതല പഞ്ചായത്തുകളുടെ സ്ഥാപനശേഷി, കാര്യശേഷി എന്നിവ വികസിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) | എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | 2017-18 സാമ്പത്തികവർഷം എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത പദ്ധതിപ്രകാരം കൈവരിക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | 2017-18 ലെ അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം കേരളത്തിൽ താഴെ പറയുന്ന നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്.<br><br>__കാര്യശേഷിവികസനം__<br>ആർ.ജി.എസ്.എ പദ്ധതിയിൽ കാര്യശേഷി വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കില വിവിധ പരിശീലന പരിപാടികൾ നടത്തുകയുണ്ടായി. ഇതിനായി 31.12.2017 വരെ 143.22 ലക്ഷം രൂപ ചെലവഴിച്ചു.<br><br>__സ്ഥാപന ശേഷി വർദ്ധിപ്പിക്കൽ__<br>ഈ ഘടക പദ്ധതിയിൽ അഞ്ച് ജില്ലാ പ്ലാനിംഗ് ആൻഡ് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. കാസറഗോഡ്, പാലക്കാട് , ഇടുക്കി, മലപ്പുറം എന്നീ 4 ജില്ലകളിൽ ഭൂമി കണ്ടെത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയ കാസറഗോഡ്, |

| | | | |
|---|---|---|---|
| | | | പാലക്കാട് , ഇടുക്കി ജില്ലകൾക്ക് 2 കോടി രൂപ വീതം നൽകുകയും അവിടെ പദ്ധതി പുരോഗമിച്ചു വരുകയുമാണ്.<br><br><u>ഉപഗ്രഹാധിഷ്ഠിതവിദൂര പഠന സംവിധാനം</u><br>2017-18 ൽ 14 ജില്ലാ പഞ്ചായത്തുകളിൽ ഒരു വെർച്വൽ ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട് ഇതിൽ ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനു സ്ഥലം കണ്ടെത്താൻ കഴിയാത്ത മലപ്പുറം ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലും പദ്ധതി പുരോഗമിച്ചു വരികയാണ് .<br><br><u>ഐ.ഇ.സി</u><br>ഈ ഘടക പദ്ധതിയിൽ 20 "pico projectors" വാങ്ങുന്നതിനും 6 ഷോർട്ട് ഫിലിം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു<br><br><u>ഓൺലൈൻ റെപ്പോസിറ്ററിയും മലയാളം യൂണികോഡ് നടപ്പാക്കലും</u><br>പഞ്ചായത്ത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഓൺലൈൻ റെപ്പോസിറ്ററി തയ്യാറാക്കലും ഭരണനിർവ്വഹണ രേഖകൾ യൂണിക്കോഡ് മലയാളത്തിലാക്കി മാറ്റുന്നതിനും മലയാളം യൂണികോഡ് അധിഷ്ഠിത ടൈപ്പിംഗ് പഞ്ചായത്ത് തലം വരെ നടപ്പാക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.<br><br><u>ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും തത്തുല്യ ഉദ്യോഗസ്ഥർക്കും ഐ.എം.ജി വഴി നൽകുന്ന പ്രത്യേക പരിശീലനം</u><br>ഗ്രാമ പഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ ഉത്തരവാദിത്വം വളരെ വൈവിധ്യവും വെല്ലുവിളികൾ നിറഞ്ഞതുമാണ്. ഈ ഉത്തരവാദിത്വങ്ങൾ നല്ല രീതിയിൽ നിറവേറ്റുവാൻ നല്ല മാനേജ് മെന്റ് പാടവവും വിവിധ വിഷയങ്ങളിലെ അറിവും അത്യന്താപേക്ഷിതമാണ്. ഇത് മുന്നിൽ കണ്ടുകൊണ്ടു പഞ്ചായത്ത് വകുപ്പ് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ) പദ്ധതിയുടെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് ഇൻ ഗവണ്മെന്റ് (ഐ.എം.ജി) വഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും തത്തുല്യ ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലനം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | <u>ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ</u><br><br>കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനാണ് പഞ്ചായത്ത് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത് ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തനങ്ങളിൽ ഒരു അന്തർദേശീയ നിലവാരം കൊണ്ടുവരികയും അതുവഴി പൊതുജനങ്ങളിൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുകയും ആണ്. അതുകൊണ്ട് കേരളത്തിലെ എല്ലാ പഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുത്താൽ കേരളത്തിലെ എല്ലാ ജനങ്ങൾക്കും ഗ്രാമപഞ്ചായത്തുകളിൽ കൂടി മികച്ച സേവനം ലഭ്യമാക്കാൻ സാധിക്കും. ഇതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു.<br><br><u>ഗ്രാമപഞ്ചായത്ത് റിപ്പോർട്ടിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം (GPRMS).</u><br><br>പ്രതിമാസം ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് അനേകം റിപ്പോർട്ടുകൾ ശേഖരിച്ച് അത് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിക്കുന്നതിനു വലിയൊരു മാനവശേഷി ആവശ്യമായി വരുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ ശേഖരിക്കാനും പി.എ.യു, എ.ഡി.പി., ഡിഡിപി, എന്നിവർക്ക് ഓൺലൈൻ അംഗീകാരം നൽകാനും റിപ്പോർട്ടുകൾ എടുക്കാനും സഹായിക്കുന്ന ഒരു വെബ് ആപ്ലിക്കേഷൻ വികസിപ്പിക്കുകയും സംസ്ഥാന ഡാറ്റ കേന്ദ്രത്തിൽ ഹോസ്റ്റ ചെയ്യുകയും ചെയ്തു. ഇതു വഴി ദൈനംദിനം ആവശ്യമുള്ള ഒട്ടനവധി റിപ്പോർട്ടുകൾ ശേഖരിക്കാൻ സാധിക്കുന്നതാണ്<br><br><u>എസ്.എം.എസ് വഴിയുള്ള ദൈനംദിന മേൽനോട്ടവും വിലയിരുത്തലും</u><br>കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാന രണ്ടു മാസങ്ങളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി പുരോഗതി തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ വകുപ്പ് മന്ത്രി, സെക്രട്ടറിമാർ, വിവിധ വകുപ്പ് അധ്യക്ഷന്മാർ, മറ്റ് സംസ്ഥാന തല ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ, സെക്രട്ടറിമാർ, ജില്ലാകളക്ടർ ഉൾപ്പെടെ ഉള്ള ജില്ലാ തല ഉദ്യോഗസ്ഥർ എന്നിവരെ എല്ലാ ദിവസവും രാവിലെ നേരിട്ട് അറിയിക്കുന്നതിനുള്ള സംവിധാനം ആവിഷ് കരിച്ച് നടപ്പിലാക്കി. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി നിർവഹണം മെച്ചപ്പെടുത്തുവാൻ വളരെ ഏറെ സഹായിച്ചിട്ടുണ്ട്. ഈ വർഷവും മുൻകൂട്ടി തന്നെ ഈ പ്രവർത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br><u>പഞ്ചായത്ത് വകുപ്പിന്റെ ഫെയ്സ്ബുക്ക് പേജ്</u><br><br>പഞ്ചായത്ത് വകുപ്പിന് വേണ്ടി ഒരു ഫേസ്ബുക് പേജ് ഉണ്ടാക്കുകയും അതിന്റെ പരിപാലനവും നടത്തിപ്പോരുന്നു. ഇത് വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളും മാതൃക പദ്ധതികളും എല്ലാ തലത്തിലേയ്ക്കും പ്രചരിപ്പിക്കുന്നതിന് സഹായിക്കുന്നു. മേൽ വിശദീകരിച്ചത് കൂടാതെ പ്രോഗ്രാം മാനേജ് മെന്റ് യൂണിറ്റിന്റെ സഹായത്താൽ വകുപ്പിന്റെ വെബ് സൈറ്റ് നടത്തിപ്പ്, ദേശീയ അവാർഡിനുള്ള പഞ്ചായത്തിനെ തെരഞ്ഞെടുക്കൽ, കേന്ദ്ര പഞ്ചായത്തീ രാജ് മന്ത്രാലയത്തിന്റെ എൽ.ജി.ഡി. അപ്ലിക്കേഷൻ, പ്ലാൻ പ്ലസ് അപ്പ് ഡേറ്റ്, വകുപ്പിൽ ഇ -ഓഫീസ് നടപ്പാക്കൽ തുടങ്ങിയ പ്രവർത്തികളും നടത്തിവരുന്നു. |
| (ഡി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിനായി പ്രധാനമായും എല്ലാ പഞ്ചായത്തുകളിലും കൺസൽട്ടന്റുമാരെയും സർട്ടിഫിക്കേഷൻ നടത്തുന്നതിനായി സർട്ടിഫിക്കേഷൻ ബോഡിയെയും നിയമിക്കേണ്ടതുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇത് പ്രത്യേകമായി ചെയ്യുമ്പോൾ സമയനഷ്ടവും ധനനഷ്ടവും ഉണ്ടാവുന്നതിനു ഇടയാക്കുന്നു. ഐ.എസ്.ഒ |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കേഷൻ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമയബന്ധിതമായി നേടിയെടുക്കുന്നതിന് ആർ.ജി.എസ്.എ പദ്ധതി പ്രകാരം കേന്ദ്രീകൃതമായി ഒരു കൺസൽട്ടൻസി സ്ഥാപനത്തെയും സർട്ടിഫിക്കേഷൻ ബോഡിയെയും ഏർപ്പെടുത്തുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടത്.ഇതിൽ കൺസൽട്ടൻസി സ്ഥാപനമായി കിലയെ ചുമതലപ്പെടുത്തി കൊണ്ടുള്ള 02-02-2018 ലെ സർക്കാർ ഉത്തരവ് G.O(Rt).No.308/2018/LSGD ഇറങ്ങിയിട്ടുള്ളതും ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും സർട്ടിഫിക്കേഷൻ ബോഡിയെ തിരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും സർട്ടിഫിക്കേഷൻ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരികയുമാണ്. |

സെക്ഷൻ ഓഫീസർ